# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4277 13/12/2018-ൽ മറുപടിക്ക്

### പ്രതിദിന വൈദ്യുതി ഉത്പാദനം

| | ചോദ്യം<br><br>ശ്രീ.റ്റി.വി.രാജേഷ് | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കഴിഞ്ഞ സാമ്പത്തിക വർഷം (2017-18) സംസ്ഥാനത്തെ ശരാശരി പ്രതിദിന വൈദ്യുതി ഉപഭോഗം എത്ര യൂണിറ്റ് ആയിരുന്നു; വിവരം ലഭ്യ മാക്കുമോ; | (എ) | 2017-18 ലെ പ്രതിദിന ശരാശരി ഉപഭോഗം 57.21 ദശലക്ഷം യൂണിറ്റായിരുന്നു. (ഓപ്പൺ ആക്സസ് ഉപഭോഗം കഴിച്ച്) |
| (ബി) | കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തെ പ്രതിദിന വൈദ്യുതി ഉത്പാദനം എത്ര യൂണിറ്റ് ആയിരുന്നുവെന്ന് അറിയിക്കാമോ; | (ബി) | കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ അധീനതയിലുള്ള ഉൽപ്പാദന നിലയങ്ങളിൽ നിന്നും 5505.73 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

**പട്ടിക**

| സ്രോതസ്സ് | ഉൽപ്പാദനം (ദശലക്ഷം യൂണിറ്റിൽ) |
|---|---|
| ജലവൈദ്യുത പദ്ധതികൾ | 5488.94 |
| ബ്രഹ്മപുരം ഡീസൽ വൈദ്യുതി നിലയം | 0.46 |
| കോഴിക്കോട് ഡീസൽ വൈദ്യുതി നിലയം | 1.405 |
| കാറ്റാടി നിലയം | 1.48 |
| സൗരോർജ്ജ നിലയങ്ങൾ | 13.45 |
| **ആകെ** | **5505.73** |

(...2)

| | | | |
|---|---|---|---|
| | | | അതായത് പ്രതിദിനം ശരാശരി 15.08 ദശലക്ഷം യൂണിറ്റ് ഉൽപ്പാദനം നടന്നതായി കണക്കാക്കാം. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രതിദിനം എത്രയൂണിറ്റ് വൈദ്യുതി കൂടുതൽ ഉൽപാദിപ്പിച്ചിട്ടുണ്ട്;വ്യക്തമാക്കുമോ; | (സി) | കേരളത്തിലെ ജലവൈദ്യുത ഉൽപ്പാദന നിലയങ്ങളിൽ നിന്നുള്ള ഉൽപ്പാദനം മഴയെ ആശ്രയിച്ചാണിരിക്കുന്നത്. അതിൻ പ്രകാരം 2015-16 സാമ്പത്തിക വർഷത്തെ ഉൽപ്പാദനം 6791.85 ദശലക്ഷം യൂണിറ്റാണ്. എന്നാൽ മഴ ലഭ്യത തീരെ കുറവായ 2016-17-ൽ ഉൽപ്പാദനം 4369.54 ദശലക്ഷം യൂണിറ്റ് മാത്രമായിരുന്നു. |
| (ഡി) | സംസ്ഥാനത്ത് സൗരപദ്ധതിയിനത്തിൽ എത്ര യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട്; വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്ത് സൗരപദ്ധതിയിനത്തിൽ 2018 നവംബർ മാസത്തിൽ 9.5537 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. ഇതിൽ 0.8158 ദശലക്ഷം യൂണിറ്റ് വൈദ്യുതി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ സൗരപദ്ധതിയിൽ നിന്നും, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പങ്കാളിത്തത്തോടെയുമുള്ള സംരംഭങ്ങളിൽ നിന്നും 6.7208 ദശലക്ഷം യൂണിറ്റും 2.0171 ദശലക്ഷം യൂണിറ്റ് ഇതര സൗര നിലയങ്ങളിൽ നിന്നുമാണ്. |

സെക്ഷൻ ഓഫീസർ